ശ്രീ. ആർ. സുഗതൻ: റേഷന്റെ അളവു കുട്ടിയാലും അതിനു വില കൂടുതൽ കൊടുക്കേണ്ടതായി വരുന്നു. ഓപ്പൺ മാർക്കറ്റിൽ ഒരു ശ്രപവരെ വില വർദ്ധിച്ചിട്ടുണ്ടു്, മുമ്പു് 50 പൈസ വിലയായിരുന്നതിനു് ഇപ്പോൾ 58 പൈസയായിരിക്കുന്നു. അതിനു പരിഹാരം വല്ലതും ഉണ്ടോ?

ശ്രീ. ഇ. പി. പൗലോസു്: ഈ കാര്യങ്ങളെല്ലാം പരിശോധിക്കാം.

ശ്രീ. ഈ. പി. ഗോപാലൻ: ഓപ്പൺ മാക്കറ്റിൽ വില കയറിക്കൊണ്ടിരിക്കുകയാണു്, ഈ വിലക്കയറ്റത്തെ തടയാൻ എന്തെങ്കിലും ഗവണ്മെന്റു ചെയ്തിട്ടുണ്ടോ; എന്തെങ്കിലും ചെയ്യാൻ കഴിയുമോ? ദിവസംതോറും അരിവില കൂട്ടിക്കൂട്ടി വില്ക്കുന്നവരുടെ മുമ്പിൽ കൈയുംകെട്ടി നില്ക്കാനെ ഗവണ്മെന്റിനു കഴിയൂ എന്നാണോ, മനസ്സിലാക്കേണ്ടതു്, അതിനെ തടയാൻ ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ഇ. പി. പൗലോസു്: പ്രകൃതിദത്തമായ കാരണങ്ങൾകൊണ്ടു്, താൽക്കാലികമായി നേരിട്ട അസൗകര്യംകൊണ്ടാണു് ഇപ്പോൾ അരി വില വർദ്ധിച്ചതു്. മദ്രാസിൽ മഴ കൂടിയതുകൊണ്ടു് മില്ലിംഗിനു അസൗകര്യം നേരിട്ടതാണു കാരണം. ഗവണ്മെന്റിനു് മഴ നിറുത്താൻ സാദ്ധ്യമല്ലല്ലോ. ഈ അസൗകര്യം വളരെക്കാലം നീണ്ടുനില്ക്കുകയില്ലെന്നാണു കരുതുന്നതു്. ഇതു വളരെ ഗൗരവമായിട്തന്നെ ഗവണ്മെന്റു വീക്ഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. സുഗതൻ: അരിയുടെ മാത്രമല്ല, എല്ലാ ഭക്ഷ്യസാധനങ്ങളുടെയും വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഈ വിലവർദ്ധനവിനെ തടയുന്നതിനു പര്യാപ്തമായ ഒരു നടപടി എന്നനിലയ്ക്കു നമ്മുടെ റേഷൻ ഡിപ്പോകൾ വഴി നടത്തുന്ന അരിവിതരണത്തിന്റെ തോതു വർദ്ധിപ്പിക്കാൻ വേണ്ട നടപടി എടുക്കുമോ?

ശ്രീ. ഇ. പി. പൗലോസു്: ഞാൻ മുന്നു പ്രാവശ്യം ഈകാര്യം ഇവിടെ പറഞ്ഞതാണു്. വിലക്കുതലിനെ നിയന്ത്രിച്ചു്, റേഷൻ അളവു കൂട്ടാൻ കേന്ദ്രഗവണ്മെന്റിനോടഭ്യർത്ഥിച്ചിട്ടുണ്ടു്. റേഷൻ ഇരട്ടിയാക്കാൻ കൂടുതൽ കോട്ടാ ആവശ്യപ്പെട്ടിട്ടുണ്ടു്. പക്ഷേ, നാർത്തു് ഇൻഡ്യയിലെ സ്ഥിതി ഒന്നു ഭേദപ്പെട്ടാൽമാത്രമേ കൂടുതൽ കിട്ടാൻ സൗകര്യതയുള്ളു. ഉടനെ ഇരട്ടിയാക്കി വർദ്ധിപ്പിക്കാൻ അരി കിട്ടുമോ എന്നു നിശ്ചയമില്ല. നാർത്തു്ഇൻഡ്യയിലെ സ്ഥിതി സാധാരണ ഗതിയിൽ വന്നാൽ കൂടുതൽ അരി നമുക്കു ലഭിക്കുമെന്നാണു പ്രതീക്ഷ.

ആശുപത്രി ജീവനക്കാരുടെ അനാസ്ഥമൂലം കുട്ടി മരിച്ചതായുള്ള പരാതി.

* 915. [56] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറലാശുപത്രിയിൽ ഐസോലേഷൻ വാർഡിൽ 7–10–1963–ൽ ഇന്ദിര എന്നൊരു കുട്ടിയെ പ്രവേശിപ്പിച്ചിട്ടു് ആശുപത്രി ജീവനക്കാരുടെ അനേഷണക്കുറവുകൊണ്ടു് ആ കുട്ടി മരിച്ചുപോയതായി ഒരു പരാതി ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി അനേഷണം നടത്തിയോ;

(സി) അനേഷണഫലമെന്തായി?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഉണ്ടു്.

(ബി) അനേഷണം നടത്തി.

(സി) അനേഷണറിപ്പോർട്ടു പൂർത്തിയായിട്ടില്ലാത്തതിനാൽ പൂർണ്ണമായ അനേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: പൂർണ്ണമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണെന്ന പറഞ്ഞു. അങ്ങനെ അന്വേഷണം നടത്തുമ്പോഴും, പരാതിക്കാരനെക്കൂടി വിളിച്ച് അന്വേഷണം നടത്താൻ ഏർപ്പാട് ചെയ്യുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അന്വേഷണത്തിൽ പോരായ്മയുണ്ടെന്ന കണ്ടതിന്റെ അടിസ്ഥാനത്തിലാണ്, പരാതിക്കാരനെക്കൂടി വിളിച്ച് അന്വേഷണം നടത്താൻ ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. കെ. ഹസ്സൻ ഗനി: ഒരു മാസക്കാലമായിട്ടും ഇതിനെപ്പറ്റി യാതൊരു അറിവും പരാതിക്കാരനു കിട്ടിയിട്ടില്ലെന്നാണറിവ്. പരാതിക്കാരനെക്കൂടി പ്രത്യേകം വിളിച്ച് അന്വേഷണം നടത്തത്തക്കരൂപത്തിൽ നിർദ്ദേശം നൽകുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: വിവരം ഒന്നും പരാതിക്കാരൻ അറിഞ്ഞിട്ടില്ല എന്നു പറയുന്നതു ശരിയല്ല. പരാതിക്കാരൻതന്നെ എനിക്കു തന്ന ഒരു ഹർജിയുടെയുംകൂടി അടിസ്ഥാനത്തിലാണ് വീണ്ടും അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നതു്.

ശ്രീ. ഒ. കോരൻ: ഐസൊലേഷൻ വാർഡിൽ പ്രത്യേകം നേഴ്സുണ്ടായിരുന്നില്ലെന്നും, കുട്ടിക്ക് സുഖക്കേടു കൂടുതലായപ്പോൾ, കുട്ടിയുടെ രക്ഷകർത്താവു് ചെന്നു നേഴ്സിനോടു വിവരം പറഞ്ഞപ്പോൾ, തനിക്കു വരാൻ സൗകര്യമില്ലെന്നു നേഴ്സു പറഞ്ഞു എന്നും അറിയുന്നതു ശരിയാണോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: പരാതിയുടെ അടിസ്ഥാനം തന്നെ, കുട്ടിക്കു ശരിയായ ശ്രുശ്രൂഷ കിട്ടിയില്ലെന്നല്ല ഡാക്ടർ ശരിയായി നോക്കിയെന്ന പരാതിക്കാരൻതന്നെ സമ്മതിക്കുന്നുണ്ടു്. നേഴ്സില്ലായിരുന്നു, വേറെ വാർഡിൽനിന്നു ഒരു നേഴ്സിനെ വിളിച്ചപ്പോൾ, ഉടൻ ചെന്നു് വേണ്ടതു ചെയ്തില്ല എന്നാണു പരാതി. ഈകാര്യത്തെപ്പറ്റിയാണു അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതു്.

ശ്രീ. പി. രവീന്ദ്രൻ: പരാതിയെസംബന്ധിച്ചു് അന്വേഷിച്ചതു് ആരാണു്; വീണ്ടും അന്വേഷിക്കാൻ നിയോഗിച്ചിരിക്കുന്നതു് ആരെയാണു്?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ജനറൽ ആശുപത്രി സൂപ്രണ്ടു് ആണു് അന്വേഷിച്ചതു്; വീണ്ടും അദ്ദേഹത്തെത്തന്നെയാണു് നിയോഗിച്ചിരിക്കുന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ: ആശുപത്രികളിൽ ഡ്യൂട്ടിക്കു നിശ്ചയിക്കുന്ന നേഴ്സിനു് ഓരോരുത്തർക്കും നൂറും, ഇരുന്നൂറും, രോഗികളെ രാത്രി കാലങ്ങളിൽ ശ്രുശ്രൂഷിക്കേണ്ടിവരുന്നുണ്ടു്; സ്റ്റാഫു് കുറവാണു് എന്നുള്ള വസ്തുത ഗവണ്മെന്റു തന്നെ സമ്മതിച്ചിട്ടുള്ളതാണു്. അങ്ങനെ രോഗികളും കൂടുതലായിട്ടും, സ്റ്റാഫു് കുറവായിട്ടുമുള്ള സ്ഥലങ്ങളിൽ പലപ്പോഴും അശ്രദ്ധകൊണ്ടു കുഴപ്പം ഉണ്ടാകുമ്പോഴും, ശ്രദ്ധിക്കുന്നതിനു് ആളുകളും ഇല്ലാത്തതിനാൽ രാത്രി കാലങ്ങളിൽ എത്രയോ അധികം രോഗികളും ഉള്ളപ്പോഴും, സീരിയസ്സു കേസ്സുകളിൽ യഥാർത്ഥത്തിൽ അന്വേഷിക്കാൻ കഴിഞ്ഞില്ലെന്നവരുമെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ഇതിനെപ്പറ്റി അന്വേഷണംനടത്തുമ്പോൾ അന്വേഷണ പരിധി ഒന്നു ചുരുക്കിക്കൊണ്ടു്, യഥാർത്ഥത്തിൽ ഇതിനു പരിഹാരം എന്താണെന്നുള്ള രീതിയിൽ പരിശോധിച്ചു്, അതിന്റെ അടിസ്ഥാനത്തിൽ അതിന്മേൽ ഒരു തീരുമാനം എടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ആശുപത്രികളിൽ ആവശ്യമുള്ളിടത്തോളം നേഴ്സു് ഇല്ലെന്നുള്ളതു ശരിയാണു്. അനുവദിച്ചിട്ടുള്ളിടത്തോളം നേഴ്സിനെ നിയമിക്കാൻ ഇന്നു സാധിക്കുന്നില്ല. കൂടുതൽ പരിശീലനം കഴിഞ്ഞു് ആവശ്യമുള്ളിടത്തോളം നേഴ്സിനെ കിട്ടാൻ സൗകര്യം ഉണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly

ന്നതുവരെ അനുവദിച്ചിട്ടുള്ളിടത്തോളം സ്ഥാഫിനെ നിയമിക്കാൻ സാധിക്കുകയില്ല. മുന്നുനാലു വർഷംകൊണ്ടു് ഈ ബുദ്ധിമുട്ട പരിഹരിക്കാമെന്നാണു കരുതുന്നതു്. പെട്ടെന്നു് ഈ കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഒരു വാർഡിൽ ഡ്യൂട്ടിയുള്ള ഒരു നേഴ്സു മറെറാരു വാർഡിലേക്കു് വേറെ എന്തെങ്കിലും ആവശ്യത്തിനു് രോഗികളെ നോക്കാൻ ആരെങ്കിലും വിളിച്ചു്, ആ വാർഡിൽ പോയാൽ, തന്റെ ജോലി നിവ്വഹിക്കേണ്ട വാർഡിലെ കൃത്യനിവ്വഹണം സാധിക്കാതെ വരികയില്ലേ; അങ്ങനെ ആ നേഴ്സു പെട്ടെന്നു് അവിടെ പോയിട്ടില്ലെങ്കിൽ അതൊരു തെറ്റാണോ, ഡാക്ടർ നിർദ്ദേശിച്ചതിനുശേഷം പോയതായിട്ടും അറിയുന്നു.

ശ്രീ. എം പി. ഗോവിന്ദൻ നായർ: അതൊരഭിപ്രായമാണു്. അതിനെപ്പററി അന്വേഷണംനടത്തിക്കൊണ്ടിരിക്കുകയാണു്; അതിനു ശേഷം മാത്രമേ നേഴ്സു ചെയ്തതു ശരിയാണോ, തെറ്റാണോ എന്നു പറയാൻ നിവൃത്തിയുള്ളു.

ശ്രീ. ടി. കൃഷ്ണൻ: ഒരുമാസമായി ഈ പരാതി കിട്ടിയിട്ടു് എന്നു പറഞ്ഞു. ആശുപത്രികളിലെ കാര്യങ്ങളും പരിശോധിക്കാൻ ജില്ല തോറും അഡൈവസറി കമ്മിറ്റികളും ഉണ്ടല്ലോ. ആ കമ്മിറ്റി ഇതിനെപ്പററി അന്വേഷിക്കുകയുണ്ടായോ?

ശ്രീ.എം. പി. ഗോവിന്ദൻ നായർ: അഡൈവസറികമ്മിറ്റിയുടെ അന്വേഷണാധികാരത്തിൽ വരുന്ന ഒരുകാര്യമല്ലിതു്. വ്യക്തമായ ഒരാരോപണമുണ്ടായതിനെപ്പററി അഡൈവസറി കമ്മിറ്റി അന്വേഷിക്കുന്നതു ശരിയല്ല.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള: ഗവണ്മെൻറു ആശുപത്രികളിൽ ഇന്നു രോഗികളെ കൊണ്ടുചെന്നാൽ ശരിയായി നോക്കാൻ ആളില്ല. അടുത്ത കാലത്തു് എം. എൽ. എ. കോർട്ടേഴ്സിലെ ഒരു ജോലിക്കാരനെ ബോധശൂന്യമായ നിലയിൽ കൊണ്ടുചെന്നിട്ടു് അരമണിക്കൂർ കഴിഞ്ഞതിനു ശേഷമാണു് ഡാക്ടർ ചെന്നു പരിശോധിച്ചതു്. ഇങ്ങനെയുള്ള സ്ഥിതി ഗതികളും മാറുന്നതിനു് പ്രധാനമായി ശ്രദ്ധിക്കണം. ''കാണണ്ടവരെ, കാണേണ്ടതുപോലെ കണ്ടില്ലെങ്കിൽ'' ഇങ്ങനെ സംഭവിക്കുമെന്നാണു പറയുന്നതു് അങ്ങനെയാണെങ്കിൽ, താഴത്തെ ഉദ്യോഗസ്ഥൻമുതൽ, മുകളിലുള്ള ആരുവരെ എണ്ണു കൊടുക്കണമെന്നുകൂടി വ്യവസ്ഥചെയ്യാൻ പ്രയാസം കുറഞ്ഞിരിക്കും.

ശ്രീ. എം പി. ഗോവിന്ദൻ നായർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനു യാതൊരടിസ്ഥാനവുമില്ല. പ്രത്യേകിച്ചു് ഇപ്പോൾ പറഞ്ഞ കാര്യത്തെപ്പററി ഞാൻ അന്വേഷിച്ചതാണു്. ഒരു രോഗിയെ അവിടെ കൊണ്ടുചെന്നപ്പോൾ ബഡ്ഡു ഒഴിവില്ലായിരുന്നു. ബഡ്ഡു ഒഴിക്കാൻ പാകമായ രോഗിയെ കണ്ടുപിടിക്കുന്നതിനു് കുറേ സമയം വേണ്ടിവന്നു. ബഡ്ഡു ഒഴിഞ്ഞപ്പോൾ വേണ്ട സൗകര്യം നൽകി. അതിൽ കവിഞ്ഞൊന്നും അതിൽ ഉണ്ടായില്ല.

ശ്രീ. ആർ. സുഗതൻ: രാത്രി ജോലിചെയ്യുന്നതിനു എത്ര വാഡ്ഡേഴ്സുണ്ടു്, എത്ര അറേറൻഡേഴ്സുണ്ടു്?

ശ്രീ.എം പി. ഗോവിന്ദൻ നായർ: പ്രത്യേകം ചോദിക്കണം.

ശ്രീ കെ. ഹസ്സൻ ഗനി: മെഡിക്കൽ കോളേജു ആശുപത്രിയിൽ പോലും ഡാക്ടർമാരുടേയും, നേഴ്സിന്റെയും അശ്രദ്ധമൂലം അപകടമരണം ഉണ്ടാകുന്നുണ്ടെന്നുള്ളതിനെപ്പററി പലവുരു ഇവിടെ പരാതി ഉണ്ടായിട്ടുള്ളതാണു്. തലസ്ഥാനനഗരിയിലെ മെഡിക്കൽ കോളേജു് ആശുപത്രിയിലെ സ്ഥിതി ഇതാണെങ്കിൽ, മാതൃകാപരമായിരിക്കേണ്ട ആശുപത്രിയിലെ അവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ഇതാണെങ്കിൽ നാളിൻപുറങ്ങളിലെ കാര്യം ആലോചിക്കാവുന്നതേയുള്ള. മേലാൽ ഇതു തുടരാതിരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ബഹുമാനപ്പെട്ട മെമ്പർ ഒരു ജനറൽ സ്റ്റോറുമെൻറ് ഇതുസംബന്ധിച്ചു പുറപ്പെടുവിക്കുന്നതു ശരിയല്ല. ഏതെങ്കിലും അനാസ്ഥകൊണ്ടല്ല കുട്ടി മരിച്ചതു്. പരാതിക്കാരൻതന്നെ സമ്മതിച്ചിട്ടുണ്ടു്, ഡാക്ടർ വേണ്ടതുപോലെ ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചിട്ടുണ്ടെന്നു്. വേണ്ട ശുശ്രൂഷകൾ നേഴ്സിൽ നിന്നു് കിട്ടിയില്ല എന്നാണു് പരാതി. നേഴ്സിന്റെ പെരുമാറ്റം അനാശാസ്യമായിരുന്നു എന്നും ആരോപണമുണ്ടായിട്ടുണ്ടു്. അതിനെസംബന്ധിച്ചാണു് വേണ്ട നടപടി സ്വീകരിച്ചിട്ടുള്ളതു്.

മീൻനെയ്ക്കുപകരം ഡെറോാം കുട്ടികൾക്കു വിതരണം ചെയ്ത സംഭവം

* 916. [57] ശ്രീമതി കെ. ആർ. സരസ്വതിഅമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കാർപ്പൊറേഷന്റെ കീഴിലുള്ള ഏതെങ്കിലും Child Welfare Centre-ൽ മീൻനെയ്ക്കുപകരം Dettol കുട്ടികൾക്കു വിതരണം ചെയ്തതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തൽഫലമായി ഒരു കുട്ടി കുട്ടികൾ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ടു്;

(സി) ഇക്കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചു;

(ഡി) ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന കുട്ടികളുടെ സ്ഥിതി എന്തായി;

(ഇ) മേലിൽ ഈദൃശമായ അശ്രദ്ധ ഒഴിവാക്കുവാൻ വേണ്ട നടപടികൾ പ്രസ്തുത സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും സ്വീകരിക്കുവാൻ ഗവണ്മെൻറ് തയ്യാറാകുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ, ബി) ഇല്ല. 2-11-63-ൽ നന്തൻകോട്ടു് ചൈൽഡ് വെൽഫെയർ സെൻററിൽ പന്ത്രണ്ടു് കുട്ടികൾക്കു് മീനെണ്ണ കൊടുത്തതിൽ ഒരു കുട്ടിക്കു് മീനെണ്ണ കൊടുത്തതിനെത്തുടർന്നു് ചർദ്ദിയുണ്ടായി. അതിനെത്തുടർന്നു് ഡെറോാം കൊടുത്തതുകൊണ്ടാണു് ചർദ്ദിയുണ്ടായതെന്നുള്ള ആരോപണം ഉണ്ടാകുകയും ചെയ്തു. വിവരങ്ങളറിഞ്ഞു് സ്ഥലം ഹെൽത്താഫീസർ സ്ഥലത്തുപോയി പരിശോധിക്കുകയും മീനെണ്ണ കൊടുത്ത പന്ത്രണ്ടുകുട്ടികളേയും ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അവിടെ പരിശോധിച്ചതിൽനിന്നും ഡെറോാം കൊടുത്തിട്ടില്ലെന്നു് കണ്ടുപിടിച്ചിട്ടുണ്ടു്.

(സി) ഗവണ്മെൻറിൽനിന്നും എന്തെങ്കിലും നടപടികളും എടുക്കേണ്ട ആവശ്യം ഉണ്ടായില്ല.

(ഡി) പരിശോധനയുടെ ശേഷം കുട്ടികളെ അന്നേദിവസം 4 മണിക്കു് ആശുപത്രിയിൽനിന്നും തിരിച്ചയച്ചു.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീമതി കെ. ആർ. സരസ്വതിഅമ്മ: കുട്ടികൾക്കു കൊടുത്ത മീനെണ്ണയിൽ ഡെറോാം ഉണ്ടായിരുന്നുവെന്നും, ആശുപത്രിയിൽ പ്രവേശിപ്പിച്ച കുട്ടികളുടെ ചുണ്ടു പൊള്ളുകയുണ്ടായെന്നും, പിറേറദിവസമാണു് ആശുപത്രിയിൽനിന്നും ഡിസ്ചാർജ്ജു് ചെയ്തതെന്നും അറിയുന്നതു് ശരിയാണോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: തിരുവനന്തപുരം കാർപ്പൊറേഷന്റെ കീഴിലുള്ള ഒരു ചൈൽഡ് വെൽഫെയർ സെൻററിലാണു് ഇതു സംഭവിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly